S001 | CO

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) ന്റെ നടപടി ക്രമം

## സംക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും 15.03.2018 മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്നു. വിഴിഞ്ഞം യൂണിറ്റിലെ കണ്ടക്ടർ ശ്രീ അനൂപ് എ എം - നെതിരെയുള്ള അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്

---

വിജിലൻസ് വിഭാഗം

നമ്പർ. A&VC5/1704/22 തിരുവനന്തപുരം, തീയതി:14.05.2024

---

സൂചന : 1.G5/6064/22/DO TVM(S) എന്ന നമ്പർപ്രകാരം 13.01.2023 തീയതിയായി തിരു. സൗത്ത് ജില്ലാ അധികാരിയുടെ കത്ത്, ശ്രീ സനിൽകുമാർ ഇ കെ ഇൻസ് പെക്ടർ വിഴിഞ്ഞം 20.12.2022 തീയതിയായി സമർപ്പിച്ച റിപ്പോർട്ട്

2.ഇതേ നമ്പർപ്രകാരമുള്ള - 04.02.2023 ലെ കുറ്റപത്രം

3.02.09.2023 - ലെ വിശദാന്വേഷണ വിചാരണ റിപ്പോർട്ട്

4.27.11.2023 -ലെ കാരണം കാണിക്കൽ നോട്ടീസ്

5.07.03.2024 – ലെ കേരള കൗമുദി പത്രവാർത്ത,

6.06.03.2024 ലെ KSRTC ഔദ്യോഗിക വെബ് സൈറ്റിലെ പ്രസിദ്ധീകരണം

## ഉത്തരവ്

വിഴിഞ്ഞം യൂണിറ്റിലെ കണ്ടക്ടർ ശ്രീ അനൂപ് എ എം എന്ന താങ്കൾ 15.03.2018 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും, മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ്. ആയത് സർവ്വീസ് നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നതുമാകയാൽ താങ്കൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച് 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 04.02.2023 തീയതിയായി സൂചന (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി. ആയതിൻമേൽ താങ്കൾ സമയബന്ധിതമായി മറുപടി സമർപ്പിച്ചിട്ടില്ലാത്തതാകുന്നു. താങ്കളുടെ ചുരുങ്ങിയ സേവന കാലയളവിൽ തന്നെ വിവിധ ഘട്ടങ്ങളിൽ അനധികൃതമായി വിട്ടു നിന്നതായി കാണുന്നു. 21.08.2009 മുതൽക്കും, 26.08.2011 മുതൽക്കും, 06.08.2012 മുതൽക്കും, 28.01.2014 മുതൽക്കും ഉള്ള ശൂന്യവേതന അവധികൾ LWA NQS ആയി ക്രമീകരിച്ചതായി സേവനരേഖയിൽ നിന്നും കാണുന്നു. താങ്കൾക്ക് വിശദീകരണം ഒന്നും നല്കുവാനില്ലായെന്ന അനുമാനത്തിൽ നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടം 15 അനുശാസിക്കും പ്രകാരം ഒരു ഔപചാരിക അന്വേഷണത്തിനായി ( Formal Inquiry) തിരു. സൗത്ത് ജില്ലാ ആഫീസർ - നെ ഇൻക്വയറി ആഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായി അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണാധികാരി, താങ്കൾ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ 15.03.2018 മുതൽ ജോലിയ്ക്ക് അനധികൃതമായി ഹാജരാകാതിരിക്കുക വഴി ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും നടത്തിയതായി കണ്ടെത്തി സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് അയച്ചു നൽകിയിട്ടുള്ളതും ആയത് കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ടി വിഷയവുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖകളും പരിശോധിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. ദീർഘകാലം ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിന്ന താങ്കളുടെ പ്രവൃത്തി ന്യായീകരിക്കാവുന്നതല്ല.

ഫയലും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം ജോലിയ്ക്ക് അനധികൃതമായി ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം ഒരു ഘട്ടത്തിലും താങ്കൾ നൽകിയിട്ടില്ല. സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ താങ്കൾ 04.08.2006 ൽ കോർപ്പറേഷന്റെ സർവ്വീസിൽ പ്രവേശിച്ചുവെന്നും നിരീക്ഷണ കാലം പൂർത്തിയാക്കി സ്ഥിരം ജീവനക്കാരനായി ആഗിരണം ചെയ്യപ്പെട്ടു മുന്നേ 15.03.2018 ൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നില്ക്കുന്നുവെന്ന് ബോധ്യപ്പെട്ടു. തന്മൂലം താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷനിൽ ലഭ്യമായിട്ടില്ലാത്തതും താങ്കളുടെ മേൽപ്രവൃത്തി 1950 ലെ RTC Act ലെ ചട്ടം 15 പ്രകാരം കോർപ്പറേഷനിൽ നിക്ഷിപ്തമായ സുഗമമായ സർവ്വീസ് നടത്തിപ്പ് എന്ന കർത്തവ്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതാണ് എന്നും മനസ്സിലാകുന്നു. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും

ഉണ്ടായിരിക്കുന്നത്. ഈ പ്രവണത തുടരാൻ അനുവദിക്കുന്നത് സ്ഥാപനത്തിന് ഗുണകരമല്ലെന്നും കോർപ്പറേഷന്റെ താൽപര്യങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരെ KSRTC യുടെ റോളിൽ തുടരാൻ അനുവദിക്കുന്നത് അഭികാമ്യമല്ല എന്നും കണ്ടു 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ (Removal from service) കാരണം ഉണ്ടെങ്കിൽ ആയത് കാണിക്കാൻ ആവശ്യപ്പെട്ട സൂചന (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിട്ടുള്ളതും ആയത് കൈപ്പറ്റാതെ മടങ്ങി വന്നതിനെ തുടർന്ന് സൂചന (5),(6) പ്രകാരം മാധ്യമങ്ങൾ മുഖാന്തരം പ്രസിദ്ധീകരിച്ചിട്ടും താങ്കൾ ആയതിൻ മേൽ മറുപടി സമർപ്പിക്കാത്തതിൽ നിന്നും മേൽ ശിക്ഷ നടപ്പിലാക്കുന്നതിൽ താങ്കൾക്ക് എതിർ അഭിപ്രായം ഇല്ലായെന്ന് അനുമാനിക്കാവുന്നതാണ്.ഫയൽ രേഖകൾ പരിശോധിച്ചതിൽ കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നല്കാൻ പര്യാപ്തമായ കാരണം ഒന്നും കാണുന്നില്ല.

ദീർഘകാലമായുള്ള താങ്കളുടെ അഭാവം കോർപ്പറേഷനെ മാത്രമല്ല പൊതുഗതാഗതത്തെ ആശ്രയിക്കുന്ന പൊതുജനങ്ങളെയും മറ്റുള്ള ജീവനക്കാരെയും ബാധിച്ചിട്ടുള്ളതാണ്. ഇത്തരത്തിലുള്ള അനധികൃത അവധി ചട്ടലംഘനം ആകയാൽ വിഴിഞ്ഞം യൂണിറ്റിലെ കണ്ടക്ടർ ശ്രീ അനൂപ് എ എം എന്ന താങ്കളെ 1960 – ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ ഷാജി

( ഗവ : അഡീഷണൽ സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ(വിജിലൻസ്)

സ്വീകർത്താവ്

ശ്രീ. അനൂപ് എ എം, കണ്ടക്ടർ, വിഴിഞ്ഞം
(യൂണിറ്റ് അധികാരി വിഴിഞ്ഞം മുഖാന്തരം)

പകർപ്പ് : യൂണിറ്റ് അധികാരി വിഴിഞ്ഞം ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതി വച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ്മെന്റ് രജിസ്റ്ററിലും ശിക്ഷാ വിവരം രേഖപ്പെടുത്തേണ്ടതും, ജിസ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

പി.എസ് ടു സി.എം.ഡി, സ്റ്റെനോ ടു ഇ.ഡി.വി, സ്റ്റെനോ ടു ഇ.ഡി.എ,
ഓഡിറ്റ് ഓഫീസർ, ജനറൽ സെക്ഷൻ,പെയ്മെന്റ് സെൽ, പി.എഫ് സെക്ഷൻ, ഇ.ഡി.പി.സി,
ഗ്രഡേഷൻ സെക്ഷൻ, പെൻഷൻ സെക്ഷൻ, എ &വി സെക്ഷൻ,പി.ആർ.സി സെക്ഷൻ,
എല്ലാ യൂണിറ്റ് ആഫീസർമാർക്കും
സ്റ്റോക്ക് ഫയൽ& ഫയൽ

DL